"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കോഴിക്കോട് കോർപ്പറേഷൻ ഏലത്തൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ചന്ദ്രൻ സി. ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചു വന്ന അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.870/2025/LSGD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 02.03.2019-ലെ ഇ13 (എസ്.സി.09/17/NRK) 10972/17 നമ്പർ കത്ത്.
2. വിജിലൻസ് (ഡി) വകുപ്പിന്റെ 18.03.2019-ലെ VIG-D1/65/2019-VIG നമ്പർ കത്ത്.
3. 29.09.2021-ലെ EW2/45/2018-LSGD നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
4. ശ്രീ. ചന്ദ്രൻ സി.-യുടെ 04.01.2022-ലെ പ്രതിവാദ പത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.02.2024-ലെ LSGD/PD/26985/2023-VIGD5 നമ്പർ കത്ത്.
6. സ.ഉ.(സാധാ) നം.2311/2024/ത.സ്വ.ഭ.വ തീയതി 27.11.2024.
7. അന്വേഷണ ഉദ്യോഗസ്ഥന്റെ 21.12.2024-ലെ ഇ2/1714/ 2021 നമ്പർ കത്തും അന്വേഷണ റിപ്പോർട്ടും
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.01.2025-ലെ ഇടക്കാല ഉത്തരവ്
9. സർക്കാരിന്റെ 30.01.2025-തീയതിയിലെ ഹിയറിംഗ് നോട്ടീസ്

**ഉത്തരവ്**

കോഴിക്കോട് കോർപറേഷൻ ഏലത്തൂർ സോണൽ ഓഫീസിൽ

വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോ മിന്നൽപരിശോധന നടത്തുകയും പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ശുപാർശ നൽകി. വിജിലൻസ് ഡയറക്ടർ ഇപ്രകാരമുള്ള ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു-

1. ആണ്ടി റോഡ് റീ-ടാറിംഗ് പുനരുദ്ധാരണവും അഴുക്കുചാൽ നിർമ്മാണവും (പ്രോജക്ട് നമ്പർ: 1354/2016) എന്ന പ്രവൃത്തി നടത്തിയത് വ്യക്തമായ കാഴ്ചപ്പാടും ആവശ്യമായ പഠനവും ഇല്ലാതെയാണ്. എസ്റ്റിമേറ്റിലെ ഡ്രൈനേജിന്റെ നീളം 701 മീറ്റർ എന്നത് 435 മീറ്ററായി കുറച്ചു. റോഡ് ഉയർത്തിയ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ഭൂമിയുടെ തരം കൈവശാവകാശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല എന്നത് കണക്കിലെടുക്കാതെ 09.09.2013-ലെ A4/1647/12 നമ്പർ പെർമിറ്റിന് ശിപാർശ ചെയ്തു.

2. മേൽ ക്രമക്കേടുകൾക്ക് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ചന്ദ്രൻ സി. (നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ), ഓവർസിയർ ശ്രീമതി ശ്രീജ പി. എന്നിവർ ഉത്തരവാദികളാണെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു.

3. ആണ്ടി റോഡ് റീ-ടാറിംഗ് പുനരുദ്ധാരണവും അഴുക്കുചാൽ നിർമ്മാണവും എന്ന പ്രവൃത്തി നടത്തിയത് വ്യക്തമായ കാഴ്ചപ്പാടും ആവശ്യമായ പഠനവും ഇല്ലാതെയാണ് എന്നതാണ് ശ്രീ.ചന്ദ്രൻ സി.-യ്ക്കെതിരെ ആരോപണം. അച്ചടക്കനടപടികളുടെ ഭാഗമായി ശ്രീ.ചന്ദ്രൻ സി.-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ പരാമർശം (3) പ്രകാരം നൽകിയിരുന്നു. ശ്രീ. ചന്ദ്രൻ സി. പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായക്കുറിപ്പ് ലഭ്യമാക്കി.

4. തുടർന്ന്, കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 (2) പ്രകാരം ശ്രീ. ചന്ദ്രൻ.സി-യ്ക്കെതിരെയുള്ള ആരോപണങ്ങൾ സംബന്ധിച്ച് ഔപചാരികാന്വേഷണം നടത്തുകയുണ്ടായി. കുറ്റാരോപിതനെ നേരിൽ കേട്ടും ഫയലും സൈറ്റും പരിശോധിച്ചതിൽ നിന്നും ശ്രീ. ചന്ദ്രൻ സി. യുടെ വാദങ്ങൾ ശരിയാണെന്ന് അനുമാനിക്കാവുന്നതാണെന്നും ടി സാഹചര്യത്തിൽ ടിയാന്റെ വാദങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് തുടർനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

5. അതേസമയം, സീനിയർ മോസ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയിരുന്നിട്ടും അച്ചടക്ക നടപടി തുടരുന്നതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയുള്ള സ്ഥാനക്കയറ്റം നിഷേധിക്കപ്പെട്ടുവെന്നും അച്ചടക്ക നടപടി റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.

ചന്ദ്രൻ സി., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 34/2025 സംബന്ധിച്ച്, തന്നെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും തനിക്ക് നിഷേധിക്കപ്പെട്ട പ്രൊമോഷൻ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ചന്ദ്രൻ സമർപ്പിച്ച Statutory appeal-മേൽ നിലവിൽ ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ രണ്ട് മാസത്തിനകം തീരുമാനം കൈക്കൊള്ളണമെന്ന് ബഹു. പരാമർശം (9) പ്രകാരം ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി.

6. ബഹു കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലും, ചട്ടം 15 നടപടിക്രമങ്ങളുടെ ഭാഗമായും 06.02.2025-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ചന്ദ്രൻ സി-യെ നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പിടൽ ആരംഭിച്ചതിനാലും റോഡിലെ കുഴികളടയ്ക്കലും റീടാറിംഗ് പ്രവൃത്തികളും ഒഴിവാക്കി എസ്റ്റിമേറ്റിലെ ഡ്രൈനേജിന്റെ നീളം 701 മീറ്റർ എന്നത് 435 മീറ്ററായി കുറച്ച് റോഡ് ഉയർത്തി 452 മീറ്റർ മെറ്റലിംഗ്, ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുന്നതിനാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും മനസിലാകുന്നതായും എസ്റ്റിമേറ്റ് തുകയിൽ മാറ്റം വന്നതായി കാണുന്നില്ലെന്നും ടി പ്രവൃത്തി നടത്തിയതിനാൽ റോഡിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായിട്ടുണ്ട് എന്നുമുള്ള പ്രതിവാദ പത്രികയിലെ വാദങ്ങൾ തന്നെ ഹിയറിംഗ് വേളയിലും ആവർത്തിച്ചു. പൊതുജനങ്ങളുടെയും സർക്കാരിന്റെയും താൽപര്യം മുൻനിർത്തി ടിയാൻ സദുദ്ദേശ്യപരമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളതെന്ന് കാണുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ഹാജരായ ഉദ്യോഗസ്ഥരും അഭിപ്രായപ്പെടുകയുണ്ടായി.

7. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരികാന്വേഷണ റിപ്പോർട്ട് എന്നിവയുടെയും കുറ്റാരോപിതനെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് സ്ഥലപരിശോധന നടത്തിയപ്പോൾ NH ൽ നിന്നും, മറ്റ് സൈഡ് റോഡുകളിൽ നിന്നുള്ള വെള്ളം മുഴുവൻ ഒഴുകിയെത്തുന്നത് ഈ റോഡിലേക്കായതിനാലും ശരിയായ ഡ്രെയിനേജ് സംവിധാനം ഇല്ലാത്തതിനാൽ വെള്ളം ഒഴുകിപോവാതെ റോഡിൽ കെട്ടിക്കിടന്ന് റോഡ് പെട്ടെന്ന് തന്നെ നശിച്ച് പോകുന്നതായും,ഡ്രയിനേജ് നിർമ്മിക്കാതെ റോഡ് മാത്രം ഉയർത്തുകയായിരുന്നുവെങ്കിൽ കാലാകാലങ്ങളായുള്ള വെള്ളക്കെട്ടിന് പരിഹാരമുണ്ടാവുകയുമില്ല,റോഡ് പെട്ടെന്ന് പൊട്ടിപൊളിഞ്ഞ്പോവുകയും ചെയ്യുമായിരുന്നു എന്ന് മനസ്സിലായതു കൊണ്ടാണ് റോഡിന്റെ ലെവലിൽ നിന്നും 85 സെ.മീ താഴ്ചയിൽ ഡ്രയിനേജ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് എന്ന അഭിപ്രായം കണക്കിലെടുക്കുമ്പോൾ ശ്രീ. ചന്ദ്രൻ. സി യുടെ ഭാഗത്ത് മന:പൂർവ്വമായി പദ്ധതി വൈകിപ്പിക്കുന്നതിനോ ദീർഘ വീക്ഷണമില്ലാതെയോ യാതൊന്നും ചെയ്തതിട്ടില്ലായെന്ന് വ്യക്തമാണ്. കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തുവെങ്കിലും; എസ്റ്റിമേറ്റ് തുകയിൽ മാറ്റം വന്നിട്ടില്ലെന്നും റോഡിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായിട്ടുള്ളതായും പി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. മേൽ സാഹചര്യത്തിൽ, ശ്രീ.ചന്ദ്രൻ സി-യ്ക്കെതിരായി കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ച വന്ന അച്ചടക്ക നടപടി ലഘൂകരിച്ച് കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം **ശാസന(Censure)** നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. ചന്ദ്രൻ സി. (PEN:437971), എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ ഡിവിഷൻ, കോഴിക്കോട് ജില്ല പഞ്ചായത്ത് **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. വിജിലൻസ് (എഫ്) വകുപ്പ് (01.03.2025 തീയതിയിലെ വിജി-എഫ്2/79/2025-വിജി പ്രകാരം)
5. LSGD(EW- B) വകുപ്പ്
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
7. സ്റ്റോക്ക് ഫയൽ (EW2/45/2018-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 29-03-2025 17:36:40
സെക്ഷൻ ഓഫീസർ